# ദൈവം നീതിമാനാണ്!

എൻ. വി. കൃഷ്ണവാരിയർ

ഈ കഥ സത്യമാണോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നല്ല, എന്റെ വിശ്വാസം അതു് കളവാണെന്നാണ്. ഒന്നാമതു്, എന്നോട് ഇക്കഥ പറഞ്ഞ മനുഷ്യൻ സത്യം മാത്രം പറയുന്ന ഒരാളല്ല. രണ്ടാമതു് അത്ര സാധാരണമല്ലാത്ത ചില സംഗതികൾകൂടി ഇതിലടങ്ങിയിട്ടുണ്ട്. എതായാലും കഥ ഞാൻ താഴെ ചേർക്കുന്നു. വാസ്തവം നിങ്ങൾതന്നെ തീരുമാനിച്ചാൽ മതി.

കുന്നിന്റെ ചെരുവിൽ ഒരു പള്ളിയും അതിന്റെ ചുററുമായി കുറെ വീടുകളുമുണ്ടു്. വീട്ടുകാരെല്ലാം കൃഷിക്കാരാണ് കുറെപേർ പാടത്തു പണിയെടുക്കുന്നവർ, കുറച്ചുപേർ പണിയെടുപ്പിക്കുന്നവർ. പണിയെടുപ്പിക്കുന്നവരിൽ രണ്ടു കുടുംബക്കാരാണ് പ്രധാനികൾ. അതിൽതന്നെ ഒരു കുടുംബത്തിന്ന് മറേറതിന്റെ മൂന്നിരട്ടി ആസ്തിയുണ്ടു്. പാടങ്ങൾക്കും പറമ്പുകൾക്കും പുറമെ, അവർക്കൊരു കച്ചവടമുണ്ടു്. അവരൊക്കെ സാധനങ്ങൾ വാങ്ങുന്നതു് അയാളുടെ കടയിൽനിന്നാണ്. ഉപ്പുതൊട്ടുകർപ്പൂരം വരെ അവിടെകിട്ടും

മുതലാളി ഒരു ധർമ്മിഷ്ഠനാണ്. ഉറച്ച ദൈവഭക്തൻ. ഞായറാഴ്ചമുടങ്ങാതെ പള്ളിയിൽപ്പോവും. പള്ളിപ്പണിക്കുവേണ്ട തടിമുഴുവൻ മുതലാളിയുടെ സംഭാവനയായിരുന്നു. മുതലാളിയുടെ ഭാര്യയും വളരെ ദൈവവിശ്വാസമുള്ള കൂട്ടത്തിലാണ്. പള്ളിയിലെ അച്ചൻ, പള്ളിയിലില്ലാത്തസമയത്തെല്ലാം മുതലാളിയുടെ വീട്ടിൽകാണും. കഥപുരാണംപറഞ്ഞിരിക്കാൻ കുഞ്ഞമ്മയ്ക്കു വലിയ താൽപര്യമാണ്.

പറഞ്ഞുപറഞ്ഞു് മുതലാളിയുടെ കാര്യമായി മുഴുവനും. അല്ലേ? പക്ഷേ, പറയാനുള്ളതു് അതല്ല. പണിഎടുക്കുന്ന ആളുകളില്ലേ? അവരെപ്പററിയാണ് പറയാനുള്ളതു്. നല്ലമനുഷ്യരാണ് അവരും. നല്ല അദ്ധ്വാനം. പിന്നെ ഒരു കാര്യമുണ്ടു്. ഇടയ്ക്കു കുറേശ്ശകുടിക്കും. (കൂട്ടത്തിൽ, ഷാപ്പുലേലം വിളിച്ചിട്ടുള്ളതും മുതലാളിയാണ്.) ഞായറാഴ്ച മുടങ്ങാതെ പള്ളിയിൽപ്പോവും, കുർബ്ബാനകാണും. കുമ്പസാരിക്കും.

അവരുടെ ഇടയിൽ ഒരു ചട്ടുകാലനുണ്ടു്. ചട്ടുകാലായാലെന്താ; തെങ്ങിൽകേറാനും, കന്നുപൂട്ടാനും, വെള്ളംതേവാനും, എന്തിനും, തൊമ്മനു് ഒരു കുസലുമില്ല. പക്ഷെ? തലമാത്രം അല്പം അപകടത്തിലാണു്. രണ്ടു പിരിപിടിക്കില്ല. നാവിനു് എല്ലില്ലാതെ അങ്ങിനെ തട്ടിവിടും. പ്രസംഗംതന്നെ. കുറച്ചു കടിച്ചിരുന്നാലോ, പിന്നെ പറയേണ്ട.

അന്നൊരുദിവസം ഞായറാഴ്ച ആദ്യത്തെ കുർബ്ബാന കഴിഞ്ഞു് ആളുകൾ പള്ളിമുററത്തു് ഇറങ്ങിക്കഴിഞ്ഞേ ഉള്ളു. രണ്ടാമത്തെ കുർബ്ബാനയ്ക്കു് വരുന്നവരും അവിടെ വരെയേ ആയിട്ടുള്ളു. അങ്ങിനെ മുററംനിറച്ചും ആളുണ്ടു്. ഈ സമയത്തു് ചട്ടുകാലൻ തൊമ്മൻ മുററത്തുനിന്നു് ഉറക്കെ കരയാൻതുടങ്ങി. പിളത്തിപ്പിളത്തി, കുട്ടികളുടെമാതിരി. അലറിഅലറി കഴുതയുടെമാതിരി. കാര്യം ആർക്കും മനസ്സിലായില്ല. എല്ലാവരും ചട്ടുകാലൻെറ ചുററുംകൂടി. ഒടുക്കം തൊമ്മൻ വിക്കിയും, മൂക്കുപിഴിഞ്ഞും സംഗതി ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ചു. അതിതാണു്.

തൊമ്മൻെറ ഭാര്യ തലേന്നു പ്രസവിച്ചു. കടിഞ്ഞൂലാണു്. രണ്ടു ദിവസമായി നോവു തുടങ്ങിയിട്ടു. വയററാട്ടി വന്നിരുന്നു. എന്തൊരു വേദനയാണെന്നോ? രണ്ടുദിവസവും എരുമയെപ്പോലെ മുക്രയിട്ടുകൊണ്ടിരുന്നു. കേട്ടു കേട്ടു തൊമ്മനു സഹികെട്ടു. ആദാമിൻെറ ആദിപാപത്തിൻെറ ഫലമായാണല്ലൊ ഗർഭവും പ്രസവവും എല്ലാം ഉണ്ടായതു്. ഒരു കണക്കിനു് ആദാമും ഹവ്വയും ഉത്തരവാദികളാണു് അന്നത്തെ തെററിനു്. ഏതായാലും, തൊമ്മൻെറ കെട്ടിയവൾക്കു ഗർഭമുണ്ടായതിൽ, കുററം തികച്ചും അവളുടേതായിരുന്നില്ല. പിന്നെ എന്തേ അവൾക്കു മാത്രം നോവുവരാൻ? അതു് അന്യായമല്ലേ? തൊമ്മനും നോവു വേണ്ടതായിരുന്നില്ലേ? ദൈവം നീതിമാനാണെങ്കിൽ നോവു രണ്ടുപേർക്കും ഒപ്പം പങ്കിട്ടു കൊടുക്കേണ്ടതായിരുന്നില്ലേ? അതു ചെയ്യാത്ത ദൈവം അനീതിയല്ലേ പ്രവർത്തിച്ചതു്?

കാര്യം പറഞ്ഞാൽ തിരിഞ്ഞിരിക്കുന്ന ആളുകളായിരുന്നു ആ മുററത്തു്. തൊമ്മൻ പറഞ്ഞതു് അവർക്കു മനസ്സിലായി. സംശയം തീർക്കണം. തീർക്കാതെ വയ്യ. ഇപ്പോൾത്തന്നെ വേണം. ലഹള കേട്ടു് അച്ചൻ പതുക്കെ പുറത്തിറങ്ങിവരുന്നുണ്ടായിരുന്നു.

എല്ലാവരും അച്ചനെച്ചെന്ന വളഞ്ഞു. അച്ചന ബുദ്ധിമുട്ടായി. ദൈവത്തിന്റെ നീതി നമുക്കറിയാത്തതാണെന്നും, അനുസരണമാണ് മനുഷ്യന്റെ മുറയെന്നും മററും അച്ചൻ പറഞ്ഞു. ഫലമുണ്ടായില്ല. ഇപ്പോഠ രണ്ടാലൊന്ന തീരുമാനമുണ്ടാവണമെന്നായി തൊമ്മൻ. ഒന്നുകിൽ ദൈവത്തിന നീതിയില്ലെന്ന് തെളിയണം. (എന്നാൽ പിന്നെ എന്തിനാണ് പള്ളി? എന്തിനാണ് അച്ചൻ?—) അല്ലെങ്കിൽ മേലാൽ പെണ്ണിനോടൊപ്പം പേററനോവ്, ആണിനും ഉണ്ടാവണം. മുററത്തുള്ളവരൊക്കെ തൊമ്മന്റെ ഭാഗത്തു കൂടി. ഒടുവിൽ അച്ചൻ ഉറപ്പുകൊടുത്തു, ദൈവം നീതിമാനാണെന്നും, അടുത്തതവണ മുതൽ പേററനോവ് ആണിനും പെണ്ണിനും ഉണ്ടാവുമെന്നും. അപ്പോഴേക്ക് രാവിലെ അല്ലം ചില എടപാടുകഠ ചെയ്യാനുണ്ടായിരുന്നത് ചെയ്തുതീർത്ത് മുതലാളിയും കുഞ്ഞമ്മയും കുമ്പാന കാണാനെത്തി. വയറവീർത്ത് കുഞ്ഞമ്മയ്ക്ക് നടക്കാൻതന്നെ പ്രയാസമുണ്ടായിരുന്നു. വിശ്വാസംകൊണ്ടു മാത്രം വന്നതാണ്. അതോടെ അച്ചനും കുറെപേരും അകത്തേക്കും, തൊമ്മനും കുറെ പേരും പുറത്തേക്കും, പോയി. കുറച്ചുദിവസം കഴിഞ്ഞു. മുതലാളിയുടെ വീട്ടിലേക്ക് വയററാട്ടി പോകുന്നത് പാടത്തു വരമ്പു കിളച്ചുനിന്നിരുന്ന തൊമ്മൻ കണ്ടു. കിള നിർത്തി തൊമ്മൻ ഓടി. അടുത്ത വീട്ടിലും, അതിനടുത്ത വീട്ടിലും, അതിന്നടുത്ത വീട്ടിലും. കുറച്ചു സമയത്തിനുള്ളിൽ ഒരു ചെറിയ ആഠക്കൂട്ടം ദൈവനീതി കാണ്മാൻ മുതലാളിയുടെ വീട്ടിലേക്കു യാത്രയായി.

മുതലാളി ഇറയത്ത് ഒരു മരക്കട്ടിലിലിരിക്കയാണ്. അന്ന് പീടികയിൽ പോകാൻ സാധിക്കാഞ്ഞതിലുള്ള സങ്കടമാണ് മുഖത്ത്. അകത്തു് നിന്ന് കുഞ്ഞമ്മയുടെ കർച്ചിൽ കേഠക്കാനുണ്ട്. ചിലപ്പോഠ പതുക്കെയുള്ള ഞരക്കം, പിന്നെ ചിലപ്പോഠ ഉറക്കെയുള്ള കൂട്ടവിളി.

തൊമ്മനും കൂട്ടുകാരും മുററത്തുചെന്ന മുതലാളിയെ നോക്കിക്കൊണ്ടുനിന്നു. മുതലാളി കാര്യം മനസ്സിലാവാതെ അവരെ തുറിച്ചുനോക്കിയിരുന്നു. അവരും ആശ്ചര്യപ്പെട്ടുനോക്കുകയാണ്. ആരും മിണ്ടുന്നില്ല. മുതലാളിയുടെ മുഖം കുറച്ചു കറുത്തിട്ടുണ്ട്. എന്നിട്ടും നോവിന്റെ ഒരു ലക്ഷണവുമില്ല. അകത്തുനിന്ന് നിലവിളിശക്തിയായിട്ട് ഉയർന്നു. എന്നിട്ടും മുതലാളി ഒന്ന ഞെളിയുകയോ പിരിയുകയോ കൂടി ചെയ്യുന്നില്ല.